**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1255** **14-03-2022 - ൽ മറുപടിയ്ക്ക്**

**പരപ്പനങ്ങാടി കീരനല്ലൂർ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പരപ്പനങ്ങാടി കീരനല്ലൂർ ടൂറിസം പദ്ധതിക്ക് അനുവദിച്ചിരുന്ന തുക എത്രയായിരുന്നു; ഈ പദ്ധതിയുടെ പൂർത്തീകരണത്തിനു നേരിട്ട തടസ്സങ്ങൾ എന്തെല്ലാമാണ്; | (എ) | 22/08/2012-ലെ സർക്കാർ ഉത്തരവ് പ്രകാരം 'ഡെവലപ്മെൻറ് ഓഫ് കീരാനെല്ലൂർ ആസ് എ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ' എന്ന പദ്ധതിയ്ക്കായി 1,12,00,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതി വിഭാവനം ചെയ്തിരുന്നത് ഇറിഗേഷൻ വകുപ്പിന്റെ അധീനതയിൽ ഉള്ള സ്ഥലത്താണ്. ഇറിഗേഷൻ വകുപ്പിന്റെ NOC ലഭ്യമാകാത്തതിനാൽ പദ്ധതി പ്രവർത്തികൾ ആരംഭിക്കാൻ കഴിഞ്ഞിരുന്നില്ല. ഈ സാഹചര്യത്തിൽ ടി പദ്ധതിയുടെ ഭരണാനുമതി റദ്ദ് ചെയ്തിട്ടുണ്ട്. |
| (ബി) | രണ്ടാംഘട്ട നിർമ്മാണത്തിന് കഴിഞ്ഞ ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിരുന്ന പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; ഈ പ്രവൃത്തിക്ക് ബജറ്റിൽ അനുവദിച്ച തുക പ്രകാരം ഭരണാനുമതി ലഭ്യമാക്കുന്നതിന് വകുപ്പ് മന്ത്രിക്കും ടൂറിസം വകുപ്പ് സെക്രട്ടറിക്കും ടൂറിസം ഡയറക്ടർക്കും എം.എൽ.എ. നൽകിയ കത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ; | (ബി) | ബഹു. തിരൂരങ്ങാടി എം.എൽ.എ-യുടെ നിവേദനം വിശദമായി പരിശോധിച്ചു. ടൂറിസം വകുപ്പ് മലപ്പുറം ജില്ലാ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി പ്രദേശത്ത് നടപ്പിലാക്കാൻ കഴിയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തി ഒരു പുതിയ പദ്ധതി വിഭാവനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | പരപ്പനങ്ങാടി കീരനല്ലൂർ ടൂറിസം പദ്ധതിയുടെ പൂർത്തീകരണത്തിൽ തടസ്സം നിന്നവർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ജലസേചന വകുപ്പിൽ നിന്നും NOC ലഭ്യമാകാത്തതിനാലാണ് പദ്ധതിയ്ക്ക് തടസ്സം നേരിട്ടത്. |

സെക്ഷൻ ഓഫീസർ